**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5070 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യ നിർമ്മാർജ്ജന നടപടികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് തദ്ദേശ ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നത്; | (എ) | മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനും മാലിന്യങ്ങൾ കുന്നുകൂടുന്ന പ്രവണത ഇല്ലാതാക്കുന്നതിനും പകർച്ച വ്യാധികൾ ഇല്ലാതാക്കുന്നതിനും ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br>2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br>3. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി.<br>4. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം.<br>5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.<br>6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്ലറ്റ്.<br>7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.<br>8. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br>9. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>10. ശേഷീവികസന പരിപാടികൾ. |
| (ബി) | ജനസംഖ്യാനുപാതികമായി വർദ്ധിച്ചു വരുന്ന മാലിന്യ നിർമ്മാർജ്ജനം ശാശ്വതമായി പരിഹരിക്കാൻ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്തെ മാലിന്യ പ്രശ്നം സ്ഥായിയായി പരിഹരിക്കുന്നതിന് ഊന്നൽ നൽകുന്ന ബൃഹത്തായ 'ഹരിതകേരളം' പദ്ധതി 2016 നവംബർ 1 മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ